Malappuram District Police

## 08/01/2018 താനൂർ

നൈറ്റ് പട്രോളിംഗ് നടത്തുന്നതിനിടെ എസ്ഐയെ ആക്രമിച്ച പ്രതി അറസ്റ്റിൽ. കഴിഞ്ഞ മാസം താനൂർ അഡീഷണൽ എസ്ഐ പ്രദീപിനെ ആക്രമിച്ച കേസിലെ പ്രതിയും താനൂർ ചാപ്പപ്പടി സ്വദേശിയും എടക്കടപ്പുറം താമസക്കാരനുമായ നിസാർ (28) ആണ് അറസ്റ്റിലായത്. ഇന്നലെ തിരൂര്◌്◌് താഴെപ്പാലത്ത് വെച്ചാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. താനൂരില്◌്◌െ നിന്ന് തിരൂരിലേക്ക് ബസില് പോകുകയായിരുന്ന പ്രതിയെ താഴെപ്പാലത്ത് വെച്ച് താനൂര് എസ്.ഐ രാജേന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്യുകയായിരുന്നു. താനൂർ ചാപ്പപ്പടിയില് നൈറ്റ് പട്രോളിംഗ് നടത്തുന്നതിനിടെ പ്രതി അഡീഷണൽ എസ്.ഐയെ ആക്രമിക്കുകയായിരുന്നു. പരപ്പനങ്ങാടി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്ഡ് ചെയ്തു.